# തിരിഞ്ഞുനോക്കുമ്പോൾ

കുറ്റിപ്പുഴ കൃഷ്ണപിള്ള



തിരിഞ്ഞുനോക്കുമ്പോൾ

കുറ്റിപ്പുഴ കൃഷ്ണപിള്ള
(മലയാളം: ലേഖനം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Memory, a painting by Elihu Vedder. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# തിരിഞ്ഞുനോക്കുമ്പോൾ

കോളേജിലെ അദ്ധ്യാപകവൃത്തിയിൽനിന്ന് ഞാൻ വിരമിച്ചിട്ടിപ്പോൾ എട്ടു കൊല്ലം കഴിഞ്ഞിരിക്കുന്നു. അങ്ങോട്ടു തിരിഞ്ഞു നോക്കുമ്പോൾ രസകരങ്ങളായ പല അനുഭവങ്ങളും മനോമുകുരത്തിൽ തെളിഞ്ഞുവരുന്നതു കാണാം. മനസ്സിനുന്മേഷമുണ്ടാക്കുന്ന ഒന്നാണ് അധ്യാപനം. സാഹിത്യാധ്യാപനം വിശേഷിച്ചും ഉല്ലാസപ്രദമാകുന്നു. ആൺകുട്ടികളും പെൺകുട്ടികളും ഉള്ള ക്ലാസ്സുകളിൽ കാൽനൂറ്റാണ്ടിലധികകാലം ഞാൻ മലയാളസാഹിത്യം പഠിപ്പിച്ചിട്ടുണ്ട്. പഠിക്കുന്നതിലും പഠിച്ചത് പരീക്ഷയ്ക്ക് എഴുതിക്കൊടുക്കുന്നതിലും ക്ലാസ്സിൽ നടക്കുന്ന പ്രസംഗങ്ങൾ ശ്രദ്ധിക്കുന്നതിലും പൊതുവെ അച്ചടക്കം പാലിക്കുന്നതിലുംമറ്റും ഇരുകൂട്ടർക്കും തമ്മിലുള്ള ഗണ്യമായ വ്യത്യാസമാണ് എന്റെ മനസ്സിൽ മായാതെ പറ്റിനിൽക്കുന്നത്. ഈ വ്യത്യാസത്തെപ്പറ്റി ഞാൻ ഇപ്പോഴും ഇടയ്ക്കിടയ്ക്കു ചിന്തിച്ചുനോക്കാറുണ്ട്. പെൺകുട്ടികൾ പൊതുവെ അച്ചടക്കമുള്ളവരാണല്ലോ. അതുകൊണ്ട് ക്ലാസ്സിലും ഇക്കാര്യത്തിൽ അവർക്കു തന്നെയാണ് ഒന്നാംസമ്മാനം കൊടുക്കേണ്ടത്. ആൺകുട്ടികളെപ്പോലെ പെട്ടെന്ന് അക്ഷമരാകാനോ ബഹളം കൂട്ടാനോ സ്വാഭാവികമായിത്തന്നെ അവർക്കു കഴിവില്ലെന്നു പറയാം. പക്ഷേ, ഈ ശാന്തശീലവും ശാലീനതയും ചിലപ്പോൾ ആവശ്യത്തിലധികമായിപ്പോകുന്നില്ലേ എന്നു സംശയം തോന്നാറുണ്ട്. പാഠ്യവിഷയത്തെ സംബന്ധിച്ച് എന്തെങ്കിലും സംശയം നേരിട്ടാൽ ഉടൻ എഴുന്നേറ്റു നിന്നു ചോദ്യം ചോദിക്കാൻ ആൺകുട്ടികൾക്ക് ഒരു കുസലുമില്ല. എന്നാൽ പെൺകുട്ടികളുടെ കഥയോ? ഇരുപത്തഞ്ചു കൊല്ലക്കാലത്തിനിടയ്ക്ക് ഒരു തവണ പോലും ഒരൊറ്റ പെൺകുട്ടിയെങ്കിലും തുറന്ന ക്ലാസ്സിൽവച്ച് ഒരു ചോദ്യം ചോദിച്ചതായിട്ടോർമ്മയില്ല. ഒരുതരം നാണം കുണുങ്ങികളായി അടങ്ങിയൊതുങ്ങിയിരിക്കാനേ പെൺകുട്ടികൾ ശീലിച്ചിട്ടുള്ളൂ. ഹാജർ വിളിക്കുമ്പോൾപോലും വേണ്ടത്ര ഉച്ചത്തിലുത്തരം പറയാൻ അവർ ലജ്ജിക്കുന്നു. ഈ 'പഴഞ്ചൻ' സമ്പ്രദായം എന്നെ പലപ്പോഴും അരിശംകൊള്ളിച്ചിട്ടുണ്ട്. 'പ്രസന്റ് ' എന്നുറക്കെ പറഞ്ഞില്ലെങ്കിൽ ആബ്സെന്റ് മാർക്ക് ചെയ്യുമെന്ന് പറഞ്ഞു ഞാൻ പേടിപ്പിച്ചുനോക്കി—ഫലമില്ല. ചിലരെ വരാത്തവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി. എന്നിട്ടെന്തു ഫലം! ഒരു മാറ്റവുമില്ല. ആൺകുട്ടികളെപ്പോലെതന്നെ പെൺകുട്ടികളും നല്ല തന്റേടവും തടിമിടുക്കും കാണിക്കണമെന്നു ഞാൻ പ്രസംഗിക്കാറുണ്ട്. അത്തരം മാറ്റത്തിൽ ആത്മാർത്ഥമായി സന്തോഷിക്കുന്ന ആളാണ് ഞാനെന്നും അവർക്കറിയാം. എന്നാലും ഒരുതരം അന്തർജ്ജനസമ്പ്രദായം തന്നെയാണ് അവർ കൂടുതൽ ഇഷ്ടപ്പെട്ടിരുന്നത്. യാഥാസ്ഥിതികത്വം ഉറഞ്ഞു കൂടിനിൽക്കുന്നത് സ്ത്രീ സമുദായത്തിലാണെന്ന് ഈദൃശാനുഭവങ്ങൾ തെളിയിക്കുന്നു. സ്ത്രീപുരുഷസമത്വം ഉദ്ഘോഷിക്കപ്പെടുന്ന ഇക്കാലത്ത് ഈ സ്ത്രൈണസ്വഭാവത്തിന് അൽപാൽപ്പം മാറ്റം കാണുന്നുണ്ടെന്നു സമാധാനിക്കാം. നമ്മുടെ സാഹിത്യ നിരൂപണരംഗത്തു സ്ത്രീകൾ അധികം പ്രവേശിക്കാറില്ലല്ലോ. ഉള്ളവർ തന്നെ അൽപം ആശങ്കയോടെയാണ് കടന്നു വരുന്നതെന്നു തോന്നുന്നു. ഇതിലും ഒരു പുതുമ കണ്ടുതുടങ്ങിയിട്ടുള്ളതു സന്തോഷാവഹമാണ്. എല്ലാ സാമാന്യനിയമങ്ങൾക്കും ഉണ്ടല്ലോ വ്യത്യസ്തങ്ങൾ. ഒരിക്കൽ കോളേജിലുണ്ടായ ഒരു സംഭവം ഓർമ്മയിൽ വരുന്നു. ആൺകുട്ടികളുടെ കൂട്ടത്തിലൊരു പച്ചക്കാമദേവൻ ഒരു പെൺകുട്ടിക്ക് ഒഴിയാബാധയായിത്തീർന്നു. തരം കിട്ടുമ്പോഴെല്ലാം അവൻ അവളുടെ പിറകെ ചുറ്റിപ്പറ്റി നടക്കും. ശല്യം സഹിക്കവയ്യാതായപ്പോൾ പെൺകുട്ടി പലരും കാൺകെ അവന്റെ മുഖത്തൊരു ആട്ടുവച്ചുകൊടുത്തു. അതോടെ രോഗം നിശ്ശേഷം മാറി. കുറെ ദിവസത്തേയ്ക്ക് അവനെ കോളേജിന്റെ പരിസരങ്ങളിൽ പോലും കാൺമാനില്ലായിരുന്നു. ഒരു പെൺകുട്ടി ഈ രീതിയിലെങ്കിലും കുറെ ചൊടിയും ചുണയും കാണിച്ചതറിഞ്ഞപ്പോൾ എനിക്കെന്തൊരു സന്തോഷം തോന്നിയെന്നോ!


മഹാത്മാഗാന്ധി

ഇൻഡ്യയിലെ കർമ്മശക്തിയുടെ അർദ്ധാധികഭാഗവും സ്ത്രീ സമുദായത്തിലാണ് സ്ഥിതിചെയ്യുന്നത്. അടുത്ത കാലംവരെ ഉറങ്ങിക്കിടന്നിരുന്ന ആ ശക്തിയെ കുറെയെങ്കിലും ഉണർത്തിവിട്ടതു് മഹാത്മാഗാന്ധിയാണ്. ഇന്നും അതിനു വേണ്ടത്ര വികാസം സിദ്ധിച്ചിട്ടില്ല. പെറ്റു കൂട്ടുകയും കുട്ടികളെ വളർത്തുകയും മാത്രമാണ് തങ്ങളുടെ ജോലിയെന്ന അന്ധവിശ്വാസമാണ് ഇന്നും ഭാരതത്തിലെ ഭൂരിഭാഗം സ്ത്രീകൾക്കുമുള്ളത്. ദാമ്പത്യജീവിതത്തിൽ ചിരപ്രതിഷ്ഠിതമായിട്ടുള്ള സ്ത്രീകളുടെ അടിമത്തത്തെ പാതിവ്രത്യത്തിന്റെ ചായം തേച്ചുകാണിക്കുന്ന ശീലാവതീചരിതവും മറ്റും അവർ ബഹിഷ്കരിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ശ്രീരാമന്റെ പേരിൽ കേസുകൊടുക്കുന്ന സീതയാണ് ഇനി നമുക്കു വേണ്ടത്. സോവിയറ്റ റഷ്യയിലെ സ്ത്രീകളെ നോക്കൂ: അടുക്കളയിലെന്നതുപോലെ അടർക്കളത്തിലും അവർ പ്രശോഭിക്കുന്നു. എല്ലാ പ്രവൃത്തിരംഗങ്ങളിലും പുരുഷന്മാരോടൊപ്പം നിൽക്കാൻ അവർക്കു കഴിവുണ്ട്. കഴിഞ്ഞ ലോകമഹായുദ്ധകാലത്തു സെബാസ്റ്റപോൾനഗരം ശത്രുക്കൾ വളഞ്ഞപ്പോൾ ഭൂഗർഭത്തിലുള്ള കൃത്രിമഗുഹകളിൽ കുട്ടികളെ മുലകൊടുത്തുറക്കിക്കിടത്തിക്കൊണ്ട്, യന്ത്രത്തോക്കുമേന്തി പുറത്തുവന്നു ശതക്കണക്കിനു ജർമ്മൻഭടന്മാരെ വെടിവെച്ചുകൊന്ന അവിടത്തെ അമ്മമാരുടെ വീരചരിതം ഇന്നത്തെ ഭാരതസ്ത്രീകൾക്കു മാതൃകയാവണം. പ്രസംഗവശാൽ നീണ്ടു പോയ ഈ ഭാഗം ഇവിടെ നിൽക്കട്ടെ. ഇനിയും കോളേജുക്ലാസ്സുകളിലേയ്ക്കു തന്നെ മടങ്ങാം.

പ്രസംഗങ്ങൾ ശ്രദ്ധയോടെ കേൾക്കുന്നതിലും നോട്ട് എഴുതിയെടുക്കുന്നതിലും മറ്റും പെൺകുട്ടികൾ താരതമ്യേന കൂടുതൽ ഏകാഗ്രതപാലിക്കാറുണ്ട്. എങ്കിലും പരീക്ഷയ്ക്കുത്തരം എഴുതുമ്പോൾ സ്വയം ചിന്തിച്ച് സ്വന്തമായൊരഭിപ്രായം പുറപ്പെടുവിക്കാൻ അവർക്കു കഴിയുന്നില്ല. നോട്ട് കാണാപ്പാഠംപഠിച്ച് ആവശ്യംപോലെ ഉത്തരക്കടലാസിൽ പകർത്താനേ അവർ ശ്രമിക്കൂ. പൊതു വിജ്ഞാനസമ്പാദനത്തിൽ അവർ ആൺകുട്ടികളുടെ കുറെയേറെ പിന്നിലാണെന്നു വേണം പറയാൻ. പാഠ്യപുസ്തകങ്ങൾക്കു പുറമെ ലൈബ്രറിയിൽനിന്നു വിജ്ഞാനപ്രദങ്ങളായ ഗ്രന്ഥങ്ങളെടുത്തു വായിക്കുന്നതിനുള്ള അഭിരുചി പെൺകുട്ടികളിൽ കുറവായിട്ടേ കണ്ടിട്ടുള്ളൂ. ഉത്തരക്കടലാസുകളിൽ വമ്പിച്ച അബദ്ധങ്ങൾ എഴുതിപ്പിടിപ്പിയ്ക്കുക ഇരുകൂട്ടരും ചെയ്യാറുണ്ട്. അതിൽ ആൺപെൺ വ്യത്യാസമില്ല. നേരംപോക്കിനു വകയുള്ള ചില അബദ്ധങ്ങൾ കണ്ടാൽ അവ പരസ്യമായി ക്ലാസിൽ വായിച്ചു ഞാൻ കളിയാക്കിയിരുന്നു. ശകുന്തളയ്ക്കു ദുഷ്യന്തനിൽ ഒരു പുത്രനുണ്ടായി എന്നൊരു വാക്യം ഒരിക്കൽ കണ്ടെത്തി. അത് ഉറക്കെ വായിച്ചുകൊണ്ട്, ദുഷ്യന്തൻ പ്രസവിക്കുമോ എന്നു ഞാൻ ചോദിച്ചുപോയി. ക്ലാസ്സിൽ കൂട്ടച്ചിരി. ഒരു പെൺകുട്ടിയുടേതായിരുന്നു ഉത്തരക്കടലാസ്. അവൾ കരയാൻ തുടങ്ങി. എന്തുചെയ്യും? ഇത്തരം നിർദ്ദോഷമായ പരിഹാസം പോലും സഹിക്കാൻവയ്യാത്ത ദുർബലമനസ്സാണ് പല കുട്ടികൾക്കുമുള്ളത്. പെൺകുട്ടികൾ, തൊട്ടാൽ പൊട്ടുന്ന പളുങ്കു പാത്രങ്ങളാകരുത്. ഒരിക്കൽ വേറൊരു പ്രൊഫസർക്കു ഹാജർ വിളിച്ചപ്പോൾ ഒരബദ്ധം പറ്റി. കമലാക്ഷി എന്നൊരു കുട്ടിയുടെ പേര് രജിസ്റ്റർ നോക്കി വിളിച്ചപ്പോൾ കാമലക്ഷ്മിയായിപ്പോയി. രണ്ടും ഇംഗ്ലീഷിലെഴുതുമ്പോൾ മിക്കവാറും ഒന്നുപോലെ ഇരിക്കുമല്ലോ. പിന്നത്തെ ബഹളം പറയാനില്ല. കുട്ടിയുടെ സങ്കടം കരകവിഞ്ഞൊഴുകി. ആദ്യമായി കേരളത്തിലേയ്ക്കു വന്ന ഒരയ്യങ്കാർ പ്രൊഫസർക്കു പറ്റിയ അബദ്ധം ഇതിലും രസകരമാണ് ഇവിടുത്തെ അവാന്തരജാതികളുടെ പേരുകളൊന്നും അദ്ദേഹം കേട്ടിരുന്നില്ല. ചില ക്രിസ്ത്യൻ പേരുകൾ മാത്രമേ പരദേശത്തുവച്ചു പരിചയപ്പെട്ടിരുന്നുള്ളൂ. രജിസ്റ്ററിൽ തങ്കമ്മവാരസ്യാരമ്മ എന്നൊരു പേരുണ്ടായിരുന്നു. അവിടെ വന്നപ്പോൾ പ്രൊഫസറൊന്നു പരുങ്ങി. അൽപ്പം ആലോചിച്ചതിനുശേഷം, പിടികിട്ടിയ മട്ടിൽ, തങ്കമ്മവറിയസാറാമ്മ എന്നൊരുവിളി! ശബ്ദകോലാഹലം കൊണ്ടു ക്ലാസ്സുമുഴുവൻ ഇളകിമറിഞ്ഞു. കുറെ കഴിഞ്ഞു് എല്ലാം ശാന്തമായപ്പോൾ പാവം പ്രൊഫസർ കുട്ടികളോടു തന്നെ ചോദിച്ചു കാര്യം മനസ്സിലാക്കി. വാരസ്യയാർക്കും ചിരിവന്നു. കരയാനുള്ള വകയൊന്നും ഇതിലില്ലല്ലോ. ഇങ്ങനെ ഓർത്തോർത്തു ചിരിക്കാനുള്ള പലതും സ്മൃതി പഥത്തിൽ ഇപ്പോഴും തങ്ങിനിൽക്കുന്നുണ്ട്.

—സ്മരണമഞ്ജരി.

# കുറ്റിപ്പുഴ കൃഷ്ണപിള്ള



ജനനം: 1-8-1900
പിതാവ്: ഊരുമനയ്ക്കൽ ശങ്കരൻ നമ്പൂതിരി
മാതാവ്: കുറുങ്ങാട്ട് ദേവകി അമ്മ
വിദ്യാഭ്യാസം: വിദ്വാൻ പരീക്ഷ, എം. എ.

ആലുവാ അദ്വൈതാശ്രമം ഹൈസ്കൂൾ അദ്ധ്യാപകൻ, ആലുവ യൂണിയൻക്രിസ്ത്യൻ കോളേജ് അദ്ധ്യാപകൻ, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് 1968–71, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം, കേരള സർവ്വകലാശാലയുടെ സെനറ്റംഗം, ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, പാഠ്യ പുസ്തക കമ്മിറ്റി കൺവീനർ (1958), ബാല സാഹിത്യ ശില്പശാല ഡയറക്ടർ (1958), 'ദാസ് ക്യാപിറ്റൽ' മലയാളപരിഭാഷയുടെ ചീഫ് എഡിറ്റർ, കേരള സാഹിത്യ സമിതി പ്രസിഡന്റ്.

## കൃതികൾ

സാഹിതീയം, വിചാരവിപ്ലവം, വിമർശ രശ്മി, നിരീക്ഷണം, ഗ്രന്ഥാവലോകനം, ചിന്താതരംഗം, മാനസോല്ലാസം, മനന മണ്ഡലം, സാഹിതീകൗതുകം, നവദർശനം, ദീപാവലി, സ്മരണമഞ്ജരി, കുറ്റിപ്പുഴയുടെ തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ, വിമർശ ദീപ്തി, യുക്തിവിഹാരം, വിമർശനവും വീക്ഷണവും, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—തത്വചിന്ത, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—സാഹിത്യവിമർശം, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—നിരീക്ഷണം.

ചരമം: 11-2-1971

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014